**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 85** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബിയുടെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ്
ശ്രീ. ഷിബു തെക്കുംപുറം
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബിയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ലക്ഷ്യമിട്ട് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പിന്തുണ നൽകുന്നതിനുള്ള കിഫ്ബിയുടെ ശേഷി വർധിപ്പിക്കുക, കിഫ്ബിയുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുക, ഭരണനിർവഹണ നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ, കിഫ്ബിയുടെ നിലവിലെ പ്രവർത്തന രീതികൾ സമഗ്രമായി അവലോകനം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, 13.07.2026-ലെ സർക്കാർ ഉത്തരവ് നം. G.O (P) No.80/2026/Fin പ്രകാരം, കിഫ്ബിയുടെ നിലവിലുള്ള ചട്ടക്കൂട് വിശദമായി പരിശോധിച്ച് വിലയിരുത്തുന്നതിനും, സമഗ്രമായ പുനഃസംഘടനാ പദ്ധതി ശിപാർശ ചെയ്യുന്നതിനുമായി പ്രമുഖ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസൃതമായിരിക്കും കിഫ്ബിയുടെ തുടർപ്രവർത്തനങ്ങൾ.

**(ബി)** സാമ്പത്തിക അച്ചടക്കവും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ കണ്ടെത്താൻ കിഫ്ബിയെ പ്രാപ്തമാക്കുന്നതിനും ലക്ഷ്യം വെച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കിഫ്ബി പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** നിലവിൽ വിദഗ്ധ സമിതിയുടെ അവലോകന യോഗങ്ങൾ നടന്നുവരികയാണ്. അന്തിമ പഠന റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല

**(ഡി)** നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കിഫ്ബി പദ്ധതികളുടെ പ്രവർത്തനം നിർബാധം തുടരുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് 13.08.2026-ന് നടന്ന കിഫ്ബിയുടെ 58-ാമത് ബോർഡ് യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. ഇതനുസരിച്ച് നിലവിൽ പ്രവൃത്തി പുരോഗമിച്ച് വരുന്ന പദ്ധതികളും ടെണ്ടർ ചെയ്ത ശേഷം തുടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ട ഘട്ടത്തിലുള്ള 76 പദ്ധതികൾ/ പ്രവൃത്തികളും, സാങ്കേതികാനുമതി/ ടെണ്ടർ ഘട്ടത്തിലുള്ള 100 പദ്ധതികൾ/ പ്രവൃത്തികളും ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി നിർവ്വഹണവുമായി മുന്നോട്ട് പോകുന്നതിനുള്ള നിർദ്ദേശമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ലാന്റ് അക്വിസിഷൻ പൂളിൽ ഉൾപ്പെട്ട പദ്ധതികൾ ഇനിയൊരു ഉത്തരവുണ്ടാകുന്നത് വരെ താത്കാലികമായി നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ പൂളിൽ ഉൾപ്പെടാത്ത മറ്റ് ഭൂമിയേറ്റെടുക്കൽ പ്രവൃത്തികളിൽ 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ച പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ എത്താത്ത ഭൂമിയേറ്റെടുക്കൽ പ്രവൃത്തികളും, ഭരണാനുമതി ലഭിച്ച് വിവിധ ഘട്ടങ്ങളിൽ തുടർനടപടിക്രമങ്ങൾ പുരോഗമിക്കുന്ന പദ്ധതികളും ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ച ശേഷം മാത്രം മുന്നോട്ടു പോകുന്നത് സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കിഫ്ബി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം ബന്ധപ്പെട്ട ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയ പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുന്നതിനും വിവിധ വകുപ്പുകൾ/ ഏജൻസികൾ തമ്മിലുള്ള ഏകീകരണം ഉറപ്പുവരുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ നേതൃത്വത്തിൽ നിയോജക മണ്ഡലം തിരിച്ചും പദ്ധതികൾക്ക് പ്രത്യേകമായും അവലോകന യോഗങ്ങൾ നടത്താറുണ്ട്

**സെക്ഷൻ ഓഫീസർ**